**കേരള എക്സൈസ് വകുപ്പ്**

**"മാതൃഭാഷ-മലയാളം"**
**ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം,**

**(ഹാജർ : രാധാകൃഷ്ണൻ . B )**

വിഷയം :

അബ്കാരി -2023-26വർഷത്തെ ദക്ഷിണ മേഖലയിലെ പ്രിവിലേജ് റദ്ദ് ചെയ്യിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺലൈൻ പുനർവിൽപ്പന നടപടികളുടെ സമയക്രമം ക്രമപ്പെടുത്തി ഉത്തരവാകുന്നത്- സംബന്ധിച്ച്

പരാമർശം: 1.06.06.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ : 654/2023)

2.04.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/ നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)

3.15.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ126/2023/നികതി വകുപ്പ്

4.ബഹു എക്സൈസ് കമ്മീഷണരുടെ 05.03.2025 തീയതിയിലെ EXC/6299/2024-XA7 നമ്പർ ഉത്തരവ്

5.എക്സൈസ് കമ്മീഷണറുടെ 22.03.2025 തിയതിയിലെ കത്തിലെ നിർദേശം

**നമ്പർ. EXC-SZ/406/2023-SZ3 തീയതി: 24-03-2025**

മേൽ പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 ഉത്തരവിന്റെയും പരാമർശം 5 നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 2024-25, 2025-26 കലയളവിലേക്ക് പ്രിവിലേജ് റദ്ദ് ചെയ്യിട്ടുള്ള കൊല്ലം ഡിവിഷനിലെ ചാത്തന്നൂർ റേഞ്ചിലെ IV ഗ്രൂപ്പിൽ ഉൾപ്പെട്ട കള്ളുഷാപ്പുകളുടെ മുഴുവൻ റെന്റൽ തുകയുള്ള പുനർവിൽപ്പന യുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടി സമയക്രമം താഴെ പറയുന്ന പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു

**അപേക്ഷ സമർപ്പിക്കൽ**

"One Time Registration"നടത്തിയിട്ടുള്ളവർക്ക് മേൽ സൂചന ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 25.03.2025 00.00 Hours മുതൽ 26.03.2025 24.00 Hours വരെ "online" മുഖേന അപേക്ഷകൾ സമർപ്പിയ്ക്കാവുന്നതാണ്. അതോടൊപ്പം ചാത്തന്നൂർ റേഞ്ചിലെ ഗ്രൂപ്പിൽ ഉൾപ്പെട്ട കള്ളുഷാപ്പുകളുടെ പുതുക്കിയ നിരക്കിലുള്ള "Rental and Additional Rental" എന്നിവ "online payment" ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**സൂക്ഷ്മ പരിശോധന**

കൊല്ലം ജില്ല ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 27.03.2025 2 PM ന് മുമ്പായി സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടി

സ്വീകരിക്കേണ്ടതാണ്.

**വില്പന നടപടികൾ**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അംഗീകരിച്ച് ദക്ഷിണ മേഖല ജോയിൻ്റ് എക്സൈസ് കമ്മിഷണർക്ക് Online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. 28.03.2025 തിയതിയിൽ രാവിലെ 11 AM ന് ആരംഭിച്ച് Online മുഖേന വിൽപ്പന വിജയിയെ ജോയിൻറ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് പരാമർശം ഉത്തരവുകളിലും മാർഗ്ഗനിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി (Youtube(https:// youtube.com/@SouthZoneExcise)(ലിങ്ക് e toddy വെബ്സൈറ്റിൽ ലഭ്യമാണ് ) ക്രൂടി വീക്ഷിക്കാവുന്നതാണ്

Signed by
Radhakrishnan B
Date: 24-03-2025 13:05:31

**ജോയിന്റ് എക്സൈസ് കമ്മീഷണർ**

പകർപ്പ്: 1.എക്സൈസ് കമ്മീഷണർ [illegible])

2.ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം )

(ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)

3.എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)

(നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

4.ഉത്തരവ് ഫയൽ / കരുതൽ ഫയൽ